പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 1461 — 06-03-2017 ൽ മറുപടിക്ക്

## ജൈവ വൈപ്പിൻ പദ്ധതി

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായ വീരൻ പുഴയിലെ ചെളി നീക്കം ചെയ്യൽ പ്രവൃത്തികൾ തടസ്സപ്പെട്ടു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രവൃത്തി നടപ്പാക്കുന്നതിനായി സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കിറ്റ്കോയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജൈവ വൈപ്പിൻ പ്രദേശത്തുള്ള 10 തോടുകളുടെ ആഴം വർദ്ധിപ്പിക്കൽ പ്രവൃത്തികൾ കെ.എൽ.ഡി.സി. വഴി നടപ്പിലാക്കുന്നതിന് നബാർഡിന്റെ RIDF XX സ്കീമിൽ ഉൾപ്പെടുത്തി 36.9178 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ടി പ്രവൃത്തി 10 പ്രവൃത്തികളായി തിരിച്ച് ടെൻഡർ ചെയ്തതിൽ 7 പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ സ്റ്റേ പ്രകാരം ടി പ്രവർത്തികൾ ആരംഭിച്ച ഘട്ടത്തിൽ തന്നെ കടമക്കുടിപഞ്ചായത്തു മുഖേന തടഞ്ഞിരിക്കുകയാണ്. കൂടാതെ ടി. വർക്ക് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ രണ്ട് കേസുകൾ നിലനിൽക്കുന്നു. ഫോർട്ട്കൊച്ചി സബ് കളക്ടറുടെ സ്റ്റോപ് മെമ്മോയും നിലവിലുണ്ട്. ടി ഉത്തരവുകളിൻമേൽ ഒരു തീരുമാനം ഉണ്ടായാൽ മാത്രമേ ജൈവ വൈപ്പിൻ പ്രദേശത്തെ ചെളി നീക്കം ചെയ്യൽ പ്രവൃത്തികൾ തുടരുവാനാകൂ. കോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ സ്റ്റേ പിൻവലിക്കാനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| ബി) പ്രവൃത്തി എന്നത്തേക്ക് പുനരാരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ? | കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെയും, ഫോർട്ട്കൊച്ചി സബ്കളക്ടറുടെയും സ്റ്റേ ഉത്തരവ് പിൻവലിച്ചാൽ മാത്രമേ ടി പ്രവർത്തി പുനരാരംഭിക്കാൻ സാധിക്കുകയുള്ളു. ഈ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനെപ്പറ്റി ആലോചിക്കുവാൻ നിയോജകമണ്ഡലം എം. എൽ. എ. മാർ, ജില്ലാ കളക്ടർ അടക്കം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം മന്ത്രിതലത്തിൽ വിളിച്ചു ചേർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ